# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

18/02/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3402

## സംയോജിത ഭക്ഷ്യവിള ഉല്പാദന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യവിള കൃഷി നടത്തുന്ന സ്ഥലങ്ങൾ ഗണ്യമായി കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പന്ത്രണ്ടാം പദ്ധതിയുടെ ഒന്നാം വർഷത്തിൽ സംയോജിത ഭക്ഷ്യവിള ഉല്പാദന പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി നടപ്പാക്കിയ വികസന പരിപാടികൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (ബി) 2012-2013 വർഷം സംയോജിത ഭക്ഷ്യവിള ഉല്പാദന പരിപാടിയിൽപ്പെടുത്തി സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| നം. | പദ്ധതിയുടെ പേര് | നീക്കിവച്ചിരിക്കുന്ന തുക | ഭൗതിക ലക്ഷ്യം ഹെക്ടർ |
|---|---|---|---|
| 1 | നെൽകൃഷി വികസന ഗ്രൂപ്പ് ഫാമിംഗ് | 2700 | 67500 |
| 2 | നെൽകൃഷി വികസനം (കര നെൽകൃഷി) | 250 | 3334 |
| 3 | നെൽകൃഷി (പി.പി.പി.എസ്.ആർ.ഐ) | 1550 | 71181 |
| 4 | പ്രത്യേക നെൽ ഇനങ്ങളുടെ പ്രോൽസാഹനം | 100 | 1000 |
| 5 | ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി | 100 | 541.48 |

| | | | |
|---|---|---|---|
| 6 | നെൽകൃഷി ഏജൻസികൾക്കുള്ള സഹായം | 150 | 11 ഏജൻസി |
| 7 | ആർ.കെ.വി.വൈ നെൽകൃഷി ഉല്പാദനം വർദ്ധിപ്പിക്കൽ | 3000 | 100000 |
| 8 | ആർ.കെ.വി.വൈ വ്യാപിപ്പിക്കൽ (തരിശു ഭൂമി) | 120 | 400 |
| 9 | കുട്ടനാട് പാക്കേജ് | 75 | 250 |
| 10 | ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 259.39 | സപ്ലൈകോ വഴി വിതരണം നടത്തുന്നു |
| 11 | ഉൽപ്പാദന ബോണസ് | 1138 | |
| 12 | നെല്ല് സംഭരണം | 950 | |
| 13 | എം.എം.എ.നെൽ കൃഷി വികസനം | 517.55 | |

പദ്ധതികളുടെ അവലോകനം ബ്ലോക്കു തലത്തിൽ, ജില്ലാതലത്തിൽ, സംസ്ഥാന തലത്തിൽ എന്നിവിടങ്ങളിൽ നടപ്പിലാക്കി വരുന്നു.

**(സി)** പരിപാടികളുടെ ഭാഗമായി സർക്കാർ എത്ര ടൺ നെല്ല് ഉല്പാദി പ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; എത്ര ടൺ നെല്ല് ഉല്പാദിപ്പിച്ചു ;

**(സി)** 2012-2013 വർഷം 2.5 ലക്ഷം ഹെക്ടറിൽ നിന്ന് 6.5 ലക്ഷം ടൺ ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ കൃത്യസമയത്ത് മഴലഭ്യമാകാതിരുന്നതിനാൽ 2.23 ലക്ഷം ഹെക്ടർ പ്രദേശത്ത് മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചത്. കടുത്ത വരൾച്ച അനുഭവപ്പെടുകയാണെങ്കിൽ ഉല്പാദനത്തിൽ ഗണ്യമായ കുറവ് വരാൻ സാധ്യതയുണ്ട്. പുഞ്ച കൃഷി നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു. ആയതിനാൽ പുഞ്ച സീസണും കഴിയുമ്പോൾ ഏകദേശം 5.9 ലക്ഷം ടൺ ഉല്പാദനം ലഭ്യമാകുന്നതാണ്.

**(ഡി)** ഈ പദ്ധതിയുടെ ഭാഗമായി നെൽ കൃഷി വികസനത്തിന് എത്ര രൂപ നീക്കിവച്ചിരുന്നു. ; അതിൽ എത്ര രൂപ ചെലവഴിച്ചു ?

**(ഡി)** ഈ പദ്ധതിയുടെ ഭാഗമായി 19459.94 ലക്ഷം രൂപ നെൽകൃഷി വികസനത്തിനായി നീക്കി വെച്ചിരുന്നു. ആയതിൽ 5002.779 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (9500 ലക്ഷം രൂപ സർക്കാർ നേരിട്ട് സപ്ലൈകോയ്ക്ക് നൽകി യിട്ടുണ്ട്).

സെക്ഷൻ ഓഫീസർ